പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1673 14.07. 2016 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

ചോദ്യം

ശ്രീമതി ഗീതാ ഗോപി

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതിബോർഡിൽ പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാമാണെന്നും പ്രസ്തുത തസ്തികകൾക്ക് ഒരോന്നിനും അനുവദിച്ചിട്ടുള്ള എണ്ണം എത്ര വീതമാണെന്നും ഇതിൽ ഒരോന്നിലും എത്ര തസ്തികകൾ വീതം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;<br><br>(ബി)വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട്ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്താമോ;<br><br>(സി) ഏതെങ്കിലും തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതായിട്ടു- | (എ),(ബി)&(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന തസ്തികകൾ - മസ്ദൂർ, മീറ്റർ റീഡർ, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, ചീഫ് ഇന്റേണൽ ഓഡിറ്റർ, ചീഫ് പേഴ്സണൽ ഓഫീസർ. ഓരോ തസ്തികകളിലും അനുവദിച്ചിട്ടുള്ള ആകെ എണ്ണം ഇപ്രകാരമാണ്. മസ്ദൂർ - 5311, മീറ്റർ റീഡർ - 1721, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) – 3492, സബ് എഞ്ചിനീയർ (സിവിൽ) - 471, അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 2340, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 330, ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ - 1414. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 63, ഡിവിഷണൽ അക്കൌണ്ട്സ് ഓഫീസർ - 92, ചീഫ് ഇന്റേണൽ ഓഡിറ്റർ -1, ചീഫ് പേഴ്സണൽ ഓഫീസർ - 1.<br><br>നിലവിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) – 95 എണ്ണവും, അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) – 91 എണ്ണവും, ചീഫ് ഇന്റേണൽ ഓഡിറ്റർ തസ്തികയിൽ - 1 എണ്ണവും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>മറ്റ് തസ്തികകളിൽ എത്ര എണ്ണമാണ് വേണ്ടത് എന്നത് സംബന്ധിച്ച് ഒരു പഠനം IIM, കോഴിക്കോട് നടത്തി, റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സമർപ്പിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |

| | |
|---|---|
| ണ്ടെങ്കിൽ അതിന്റെകാരണം വിശദമാക്കാമോ? | മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണ് എന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ